**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 653

29/06/2015 ~~09/06/2015~~-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാരുടെ ഇടയിലെ ലഹരി ഉപയോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോറിയക്കോട് എൻ. കൃഷ്ണൻ നായർ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാരുടെ ഇടയിൽ വർദ്ധിച്ചുവരുന്ന മദ്യം, പുകയില,മറ്റു ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ അവബോധ ക്യാമ്പുകളും ബോധവൽക്കരണവും നടത്തുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗക്കാർക്കിടയിലെ മദ്യം, പുകയില മറ്റ് ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗത്തിനെതിരെ വകുപ്പിന്റെ നേതൃത്വത്തിൽ ഊരുകൂട്ടം വഴിയും എക്സൈസ്, ആരോഗ്യ വകുപ്പ്, പോലീസ്, നീതിന്യായ വകുപ്പുകളുടെ സഹകരണത്തോടെ ബോധവർക്കരണവും നടത്തിവരാറുണ്ട്. ഇക്കാര്യത്തിൽ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കാൻ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അവബോധ ക്യാമ്പുകളും ബോധ വൽക്കരണവും നടത്തുന്നതിലേക്കായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റിൽ വക കൊള്ളിച്ചതെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ? | (ബി) | ഈ ഇനത്തിലായി ബഡ്ജറ്റിൽ പ്രത്യേക തുക വകകൊള്ളിച്ചിട്ടില്ല. എന്നാൽ ഊരുകൂട്ട ശാക്തീകരണത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 50 ലക്ഷം രൂപയിൽ നിന്നും ബോധവൽക്കരണവും അവബോധ ക്ലാസ്സുകളും നടപ്പിലാക്കുകയാണുണ്ടായത്. ഈ ഇനങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |

R.V.

സെക്ഷൻ ഓഫീസർ

അനുബന്ധം.

## അനുബന്ധം-1

| Office | Amount | Remarks |
|---|---|---|
| കോഴിക്കോട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | 10,000 | ഊരുകൂട്ടം + ബോധവല്ക്കരണ സെമിനാർ |
| പാലക്കാട് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | 89,382 | |
| ഐ.റ്റി.ഡി.പി. വയനാട് | 5,00,000 | |
| ഐ.റ്റി.ഡി.പി, അട്ടപ്പാടി | 3,78,000 | |
| കാസർഗോഡ് ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | 6,875 | |
| സുൽത്താൻ ബത്തേരി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | 1,15,000 | |
| ചാലക്കുടി ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് | 2,00,000 | " |
| ആകെ | 12,99,257 | |

(പന്തണ്ട് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുന്നൂറ്റി അൻപത്തിയേഴ് രൂപ മാത്രം)

8/6/15

സെക്ഷൻ ഓഫീസർ